**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഹരീഷ് കുമാറിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നം.3069/2017/തസ്വഭവ — തിരുവനന്തപുരം, തീയതി,16/09/2017

---

പരാമർശം: 1) സ.ഉ(സാധാ)നം. 2480/2014/തസ്വഭവ തീയതി, 23/09/2014

2) ശ്രീ. ഹരീഷ് കുമാറിന്റെ 21/10/2014 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 11.5.2015,30.6.2017 തീയതികളിലെ ഇ 10-7001/15, നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ. ഹരീഷ് കുമാറിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ മലയാള വിഭാഗത്തിൽ ഇൻറഗ്രേറ്റഡ് എം.ഫിൽ /പി.എച്ച്.ഡി കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 05/01/2013 മുതൽ 30/11/2014 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ടിയാന്റെ പഠനം പൂർത്തീകരിക്കുന്നതിന് 01/12/2014 മുതൽ 30/11/2016 വരെ വീണ്ടും ശൂന്യവേതനാവധി അനുവദിച്ചു കിട്ടുന്നതിനായി പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച അവധി അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ മലയാള വിഭാഗം മേധാവി നൽകിയ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ. ഹരീഷ് കുമാറിന് ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ മലയാള വിഭാഗത്തിൽ ഇൻറഗ്രേറ്റഡ് എം.ഫിൽ/പി.എച്ച്.ഡി കോഴ്സ് പഠനം പൂർത്തീകരിക്കുന്നതിനായി, ലഭ്യമാക്കിയിരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B യിലെ നിബന്ധനകൾക്ക് വിധേയമായി 01.12.2014 മുതൽ 30.11.2016 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്.വി.പി**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷകന്റെ സർവ്വീസ് ബുക്ക് സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. ഹരീഷ് കുമാർ, ഓഫീസ് അറ്റൻഡന്റ്, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (22.8.2017 ലെ Rules-B2/306/2015/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ്(ഇപിഎ 2/387/2015/തസ്വഭവ നമ്പർ ഫയൽ) / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ